# INDIAN SCHOOL SOHAR
# PRE-BOARD I EXAMINATION (2024-25)
# MALAYALAM

**CLASS : X** **MAX. MARKS: 80**
**DATE : 06/01/2025** **TIME: 3 Hrs**

## General Instructions

**Section A** : Reading Comprehension (VSAQ)
: Vocabulary Building & prose & poetry. (M.C. Q.} : 40 Marks

**Section B** : Grammar, Composition
: Literature (Prose, Poetry & Supplementary) : 40 Marks

## എ വിഭാഗം / SECTION:A

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
( ഓരോന്നിനും ഓരോ മാർക്ക് വീതം.) 8x1=8

ഏതൊരു രാഷ്ട്രത്തിന്റെയും വികസനത്തിന്റെ രഹസ്യം അവിടുത്തെ ജനങ്ങളുടെ ഉത്സാഹവും കർമ്മ ശേഷിയും ആണ്. അത്തരം ഒരു രാഷ്ട്രത്തിൽ കായിക വിനോദങ്ങൾക്ക് മറ്റെന്തിനെക്കാളും പ്രാധാന്യം നൽകിയിരിക്കും. 'അരോഗ ശരീരത്തിൽ അരോഗമനസ്സ് ' എന്ന യവനന്മാരുടെ ആദർശം തന്നെയാണ് ആധുനികകാലത്ത് എല്ലാ രാജ്യങ്ങളും പിന്തുടരുന്നത്. വികസന ത്തിന്റെ കാര്യത്തിൽ പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് എക്കാലവും പിന്നിലായിരുന്നു. ഏഷ്യൻ രാജ്യങ്ങൾ. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ രംഗങ്ങളിലും നാം പിന്നിലായിരുന്നു. എന്നാൽ അര നൂറ്റാണ്ടുമുമ്പ് തന്നെ ഏഷ്യൻ ജനത ഈ ന്യൂനത തിരിച്ചറിഞ്ഞു. സാമ്രാജ്യ ശക്തികളുടെ കാൽക്കീഴിൽ കിടന്ന ഇന്ത്യയെ പോലുള്ള രാജ്യങ്ങൾ അടിമച്ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് സ്വന്തം കാലിൽ നിൽക്കാൻ ശ്രമം ആരംഭിച്ചു. എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യപൂർണ മായ ഒരു ജനതയെ വാർത്തെടുക്കുന്ന കാര്യത്തിൽ ഏഷ്യൻ രാജ്യങ്ങൾ ശ്രദ്ധ പുലർത്തി. അതിന്റെ നാന്ദി ആയിരുന്നു ആദ്യത്തെ ഏഷ്യൻ ഗെയിംസ് അഥവാ ഏഷ്യാഡ്. 1951 മാർച്ച് നാലാം തീയതിയാണ് അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ഡോ: രാജേന്ദ്രപ്രസാദ് ആണ് ആദ്യ ഏഷ്യാഡിന് തിരികൊളുത്തിയത്. 11 രാജ്യങ്ങൾ അതിൽ പങ്കെടുത്തു.

ഏഷ്യൻ ഗെയിംസ് ആരംഭിക്കുന്നതിനു മുൻപ് മറ്റു പല കായിക സംഘടനകളും നിലവിൽ ഉണ്ടായിരുന്നു. എന്നാൽ രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ ഇത്തരം കായികമേളകൾ ഏഷ്യയ്ക്ക് അന്യമായി. 1947ൽ ഏഷ്യൻ റിലേഷൻസ് കോൺഫറൻസ് എന്നൊരു യോഗം നടന്നു. എല്ലാ ഏഷ്യൻ രാജ്യങ്ങൾക്കും പങ്കെടുക്കാവുന്ന ഏഷ്യൻ ഗെയിംസ് സംഘടിപ്പിക്കാനുള്ള നിർദ്ദേശം അവിടെ ചർച്ച ചെയ്തു. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവാണ് ഇതിന് നേതൃത്വം നൽകിയത്. ഈ ചർച്ചയുടെ വിജയകരമായ ഫലപ്രാപ്തിയായിരുന്നു ആദ്യത്തെ ഏഷ്യൻ ഗെയിംസ്. ഏഷ്യയിലെ ജനങ്ങളെ എല്ലാം ഒരു കൊടിക്കീഴിൽ അണി നിരത്തുവാനും ഭാഷയുടെയും വേഷത്തിന്റെയും സംസ്കാരത്തിന്റെയും അതിർവരമ്പുകൾ മറികടന്ന് അവരെ ഒന്നിപ്പിക്കുന്ന ഒരു വേദിയൊരുക്കാനും ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു.' എന്നെന്നും മുന്നോട്ട് ' ഇതാണ് ഏഷ്യാഡിന്റെ മുദ്രാവാക്യം. നാലു വർഷം കൂടുമ്പോഴാണ് ഏഷ്യാഡ് നടക്കുക. ആദ്യ ഏഷ്യൻ ഗെയിംസിൽ 11 രാഷ്ട്രങ്ങളാണ് പങ്കെടുത്തത്. എങ്കിൽ പിന്നീട് 1982 ഡൽഹിയിൽ വച്ച് നടന്ന ഒമ്പതാമത് മേളയിൽ 33 രാജ്യങ്ങൾ അണിനിരന്നു. 'അപ്പു എന്ന ആനക്കുട്ടി' യായിരുന്നു 1982 ലെ ഔദ്യോഗിക ചിഹ്നം. തുടക്കത്തിൽ ആറു മത്സരങ്ങൾ ഉണ്ടായിരുന്നു. പിന്നീടത് വർധിച്ചു. കുവൈറ്റ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യ എന്നൊരു സ്ഥിരം സമിതിയാണ് ഏഷ്യൻ ഗെയിംസ് നിയന്ത്രിക്കുന്നത്. 36 രാജ്യങ്ങളിലെ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സമിതി. ലോക കായിക രംഗത്തിന് നിരവധി താരങ്ങളെ സംഭാവന ചെയ്യുവാൻ നമ്മുടെ കൊച്ചു കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പി.ടി ഉഷ, എം ഡി വത്സമ്മ, ഷൈനി വിൽസൺ, തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു.

**ചോദ്യങ്ങൾ**

i) എന്തിന്റെ തുടക്കമായിരുന്നു ആദ്യത്തെ ഏഷ്യൻ ഗെയിംസ് ?

ii ) വികസനത്തിന്റെ രഹസ്യം എന്താണ് ?

iii) ആദ്യ ഏഷ്യാഡ് അരങ്ങേറിയത് എവിടെ ? എവിടെ?

iv) കായികമേളകൾ ഏഷ്യയ്ക്ക് അന്യമായത് എപ്പോൾ ?

v) 'ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു' എന്ന് അഭിമാനപൂർവ്വം പറയുന്ന വസ്തുത എന്താണ് ?

vi) 1982 ലെ ഏഷ്യാഡിന്റെ ഔദ്യോഗിക ചിഹ്നം എന്തായിരുന്നു ?

vii) നമ്മുടെ രാജ്യത്തിന്റെ അഭിമാനം ഉയർത്തിപ്പിടിച്ച കേരള താരങ്ങൾ ആരെല്ലാം?

viii) ഏഷ്യൻ ഗെയിംസ് നിയന്ത്രിക്കുന്ന സമിതി ഏത് ?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**(ഓരോന്നിനും ഓരോ മാർക്ക് വീതം)** 7x1=7

സാങ്കേതികമായ പ്രവചനങ്ങളുടെ കാലമാണ് ആഗോളവൽക്കരണത്തിലൂടെ സംജാതമായത്. വിവര സാങ്കേതിക വിദ്യകളുടെ അനിതര സാധാരണമായ വികാസം, ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കി. ക്രമബദ്ധതകൾ എല്ലാം ഇതോടെ തകർന്നു . ഈ ശിഥില യാഥാർത്ഥ്യങ്ങളിലേക്ക് വ്യക്തികൾ വലിച്ചിഴയ്ക്കപ്പെട്ടതോടെ അവരുടെ ദേശീയതകളും തകർന്നു. മഹത്തായ സംസ്കാര ശൈലികളുടെ തിരോധാനം ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ വിപത്തുകളിൽ ഒന്നാണ്.വിപണിയെ ആശ്രയിച്ച് കഴിയുന്ന ആഗോളവൽകൃത സമൂഹത്തിൽ, സംസ്കാരത്തിന്റെ പൊള്ളയായ ആചരണങ്ങൾ മാത്രമാണ് കാണുന്നത്. അവികലമായ സാംസ്കാരിക ലാവണ്യ ബോധം വിപണിയുടെ ഭാഗമായി തീർന്നു.

ആഗോളവൽക്കരണം മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റി. ഓരോരുത്തരുടെയും ജീവിതത്തിനു മേൽ അവന്റെ പരിധിയിൽ ഒതുങ്ങാത്ത ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദമുണ്ട്. അതുകൊണ്ട് എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരും ആണ് . മൂല്യങ്ങൾ അകലുമ്പോൾ പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നു മനുഷ്യന് തന്നിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം. അദൃശ്യരായ വേട്ടക്കാരാൽ വേട്ടയാടപ്പെടുന്ന ഇരകളായി നാം മാറുന്നു. ചെറിയ ഭീതികളിൽ നിന്ന് വലിയ ദുരന്തങ്ങളിലേക്ക് ഒരു സമൂഹം വലിച്ചിഴയ്ക്കപ്പെടുന്നത് ആശാവഹമായ പരിണാമമല്ല.

**ചോദ്യങ്ങൾ**

i) എപ്പോഴാണ് പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നത് ?

ii) ദൂരം എന്ന യാഥാർത്ഥ്യം അപ്രസക്തമായത് എങ്ങനെ ?

iii ) ആഗോളവത്കൃത സമൂഹം ആരെ ആശ്രയിച്ചാണ് കഴിയുന്നത് ?

iv) ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ വിപത്തുകളിലൊന്ന് ഏത് ?

v) മനുഷ്യനെ സംബന്ധിച്ച ഏറ്റവും വലിയ ദുരന്തം എന്ത് ?

vi) വേട്ടയാടപ്പെടുന്ന ഇരകളായി മാറുന്നത് ആരാണ് ?

vii) മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റിയത് എന്ത് ?

3. **തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക.** 7x1=7

i) ഇടർ എന്ന പദത്തിന്റെ അർത്ഥം എന്ത് ?

a. യുദ്ധം b. ദുഃഖം

c. ഭാഗ്യം d. സന്യാസി

ii) നിന്ദ എന്ന പദത്തിന്റെ പര്യായപദം അല്ലാത്തത് ഏതാണ്?

a. നിർവാദം b. പരിവാദം

c. ഗർഹണം d. വാദം

iii) താഴെ തന്നിരിക്കുന്നതിൽ യതി എന്ന പദത്തിന്റെ നാനാർത്ഥമല്ലാത്തതേത് ?

a. വിരാമം b. സന്യാസി

c. താമര d. വിധവ

iv) രാഗം എന്ന പദത്തിന്റെ വിപരീതപദം എന്ത്?

a. അനുരാഗം b. വിരഗം

c. രോഗം d. വിരാഗം

v) ചിരം ചീരം എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?

a. വളരെക്കാലം മരവുരി b. മരവുരി വളരെക്കാലം

c. മരവുരി പണ്ട് d. പഴയത് ചരിക്കുന്നത്

vi ) ധന്യ എന്ന പദത്തിന്റെ എതിർലിംഗം എന്ത് ?

a. ധനവി b. ധന്യൻ

c. ധന്വി d. ധനി

vii) നിശ്ശബ്ദം പിരിച്ചെഴുതുക.

a. നിശാ + ശബ്ദം b. നി + ശബ്ദം

c. നിശ്ശ + ശബ്ദം d. നി : + ശബ്ദം

viii) ദൈവസാന്ദ്രം എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്?

a. ദൈവത്താൽ സാന്ദ്രം b. ദൈവത്തിന്റെ സാന്ദ്രം

c. ദൈവവും സാന്ദ്രവും b. ദൈവികമായ സാന്ദ്രം.

ix) ദയയില്ലാതെ എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ് ?

a. സദയം b. വിദയം

c. നിർദയം d. അനുദയം

x). തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

a. പാന്തർ b. പാന്ധർ

c. പാന്ഥർ d. പാന്ദർ

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ 9 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.**
( **ഓരോന്നിനും രണ്ടു മാർക്ക് വീതം**) ഓരോ ചോദ്യത്തിനും ഓരോ ഉപചോദ്യവും ഉണ്ട്. 9x2=18

a) 'ഏകുമർത്ഥിയാം പ്രാണിതൻ ഹിതമൊരിക്കലീശ്വരൻ'

i) നളിനിയുടെ വാക്കുകളിൽ പരാമർശിക്കപ്പെടുന്ന ഹിതം എന്തായിരുന്നു?

a. സന്യാസജീവിതം b. മോക്ഷ പ്രാപ്തി
c. ദിവാകര ദർശനം d. ഗൃഹസ്ഥ ജീവിതം

ii) നളിനി എന്ന കാവ്യം ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?

a. മഹാകാവ്യം b. ഖണ്ഡകാവ്യം
c. ഗീതകം d. സന്ദേശകാവ്യം

b) 'കാലാഹിനാ പരിഗ്രസ്തമാം ലോകവുമാ
ലോല ചേതസ്സാഭോഗങ്ങൾ തേടുന്നു'

i). കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട മനുഷ്യൻ ചെയ്യുന്നത് എന്ത് ?

a. സത്യം തിരിച്ചറിയുന്നു b. സുഖങ്ങളുടെ പുറകെ പോകുന്നു
c. മുക്തിക്ക് വിഘ്നം വരുത്തുന്നു d. എല്ലാം ഉപേക്ഷിക്കുന്നു.

ii) ഈ വരികളിലൂടെ കവി നൽകുന്ന ആശയം എന്ത് ?

a. മനുഷ്യജീവിതം അനശ്വരമാണ്
b. ജീവിതം എല്ലായ്പ്പോഴും സുഖങ്ങൾ നിറഞ്ഞതാണ്
c. ജീവിതം എല്ലായ്പ്പോഴും ദുഃഖം നിറഞ്ഞതാണ്
d. ജീവിതം ക്ഷണികമാണെങ്കിലും മനുഷ്യൻ സുഖങ്ങളുടെ പിന്നാലെ പോകുന്നു.

c) 'നല്ലതിഥി നമുക്കിനിയാരിതു പോലെ'

i) ഇവിടെ ആരാണ് ബഹുമാന്യനായ അതിഥി?

a. ഉഷസ്സ് b. മഹാബലി മന്നൻ
c. പുള്ളുവൻ d. കവി

ii) അതിഥിക്കായി കുരവ ഇടുന്നത് ആരാണ് ?

a. കൊച്ചരുവി b. അലകടൽ
c. ഗ്രാമം d. കിളികൾ

d) 'ഈറനുടുത്തൊരു പാവന ഭാവം'

i) വെളുത്ത നിറവും നനുത്ത ഭാവവും നേർത്ത കുളിരും
ഇവിടെ എന്താണ് പരിശുദ്ധിയുടെ പ്രതീകമാകുന്നത് ?

a. മഞ്ഞ് b. കാറ്റ്
c. വെയിൽ d. നിലാവ്

ii) മധുരോദാര വികാരം എന്ന് സൂചിപ്പിക്കുന്നത് എന്തിനെയാണ് ?

a. പൂക്കളത്തെ b. ഓണത്തെ
c. നാടൻ പാട്ടിനെ d. കൃഷിയെ

e) ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?)

തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു.'

i) മാളിന്റെ അടുത്ത് അമ്മയെ ഇറക്കാഞ്ഞത് എന്തുകൊണ്ട് ?

a. അമ്മപറഞ്ഞതുകൊണ്ട് b. ഭാര്യ പറഞ്ഞതുകൊണ്ട്

c. പണ്ട് പനിച്ചത് ഓർത്തതിനാൽ d. തെരുവ് പട്ടി ഉള്ളതിനാൽ

ii) അമ്മത്തൊട്ടിൽ എന്ന കവിതയിലെ ആശയവുമായി ബന്ധമില്ലാത്തത് എന്ത്?

a. മനുഷ്യത്വരാഹിത്യം b. സ്നേഹരാഹിത്യം

c. സാംസ്കാരിക ലോപം d. ഹൃദയ വിശാലത

f). ' ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു

കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?'

i) ആരുടെ അഭിപ്രായമാണിത്?

a. വേദവ്യാസൻ b. കുട്ടികൃഷ്ണമാരാർ

c. ഭീഷ്മർ d. നാരദൻ

ii) ആരുടെ ആഭിജാത്യത്തെയാണ് സൂചിപ്പിക്കുന്നത് ?

a. ദ്രൗണി b. വേദവ്യാസൻ

c. ദുര്യോധനൻ d. ശ്രീകൃഷ്ണൻ)

g). 'അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു'

i) ആരാണ് പറഞ്ഞത്?

a. ചെമ്പു മത്തായി b. കണ്ടക്ടർ സുകുമാരൻ

c. ചാക്കുണ്ണി d. കണ്ടുണ്ണി

ii) എന്താണ് പറഞ്ഞത് ?

a. അത് കൃത്യം അമ്പതുറുപ്പികേണ്ടാർന്നു.

b. സ്വർണ്ണല്ലാണ്ട് ഒന്നും ഞങ്ങള് എടുക്കാറില്ല.

c. ഒരു റേഡിയോ വാങ്ങിക്കണം സുകോ

d. അവനു വല്യ ഇഷ്ടാർന്നു ഈ ബാലമണ്ഡലം.

h) 'രണ്ടു ചിത്രങ്ങൾ, അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്ന

പോലെ രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്'

i) കഥയിൽ എപ്പോഴെല്ലാമാണ് നിറവ് അനുഭവപ്പെട്ടത് ?

a. കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂടു പറ്റുന്നത് കണ്ടപ്പോൾ.

b. നീലി മണ്ണാത്തിയേയും കുട്ട്യസ്സൻ മാപ്പിളയേയും കണ്ടപ്പോൾ.

c. ജയിലിൽ വച്ച് കണ്ടുണ്ണിയെ കണ്ടപ്പോൾ.

d. വീട്ടിൽ നിന്ന് കൂട്ട നിലവിളി ഉയർന്നപ്പോൾ.

ii) നിറവ് അനുഭവപ്പെട്ടത് ആർക്കാണ്?

a. കുട്ട്യസ്സൻ മാപ്പിളക്ക് b. വെള്ളായിയപ്പന്

c. കണ്ടുണ്ണിക്ക് d. കോടച്ചിക്ക്

i) 'ആ പരമാസ്ത്രം വീണാൽ വെറുതെയാവില്ല തന്നെ'

i). ഇപ്രകാരം പറഞ്ഞത് ആരാണ്?

a. ശ്രീകൃഷ്ണൻ
b. വേദവ്യാസൻ
c. നാരദൻ
d. അശ്വത്ഥാമാവ്

ii) എപ്പോഴാണ് ഇങ്ങനെ പറയുന്നത്?

a. ഭാരതയുദ്ധം തുടങ്ങുമ്പോൾ
b. അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചപ്പോൾ
c. അസ്ത്രം പ്രതിസംഹരിക്കാതെ വാശി പിടിച്ചു നിന്നപ്പോൾ.
d. ശിബിര ദ്വാരത്തിൽ വച്ച്.

j). 'ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു'

i) എവിടെ വച്ചാണ് അനുഗ്രഹിച്ചത് ?

a. കടൽത്തീരത്ത് വച്ച്
b. തടവറയ്ക്ക് മുന്നിൽ വച്ച്
c. ജയിലിൽ വച്ച്
d. പട്ടണത്തിന് പുറത്തുള്ള വെളിനിലങ്ങളിൽ വച്ച്

ii) നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നത് എന്ത്?

a. തൂക്കുകയർ
b. പൊതിച്ചോറ്
c. കൂട്ടനിലവിളി
d. കോടച്ചി

## ബി വിഭാഗം ( Section B )

**5. (a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** 2x1=2

i) സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി.

ii) ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്ക് മുകളിലൂടെ പക്ഷികൾ പറന്നു കൂടു പറ്റുന്നു.

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** 2x1=2

i) തീർച്ചയായും ലക്ഷണന്റെ അമ്മ ഭർത്താവും അവളുടെ മകനും മരിച്ചതിനാൽ പെട്ടെന്നു മരിച്ചു പോകുമെന്നുറപ്പാണ്.

ii) ആകാശത്തിന്റെ ഇരുട്ടിൽ ദൂരെ അകലെ എവിടെയോ വിടരുന്ന പുലരിയുടെ സൂചന.

**(c) പ്രയോഗം മാറ്റുക.** 2x1=2

i) പരീക്ഷിത്ത് പാണ്ഡവ വംശത്തെ നിലനിർത്തുക തന്നെ ചെയ്യും.

ii) തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി.

**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** 2x1=2

i) ആഘാത പ്രത്യാഘാതങ്ങൾ

ii) മുറതെറ്റിക്കുക

iii) താല്പര്യരഹിതം

6. **(a). താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 1x5=5

i) കൃത്രിമ ബുദ്ധി സാധ്യതകളും വെല്ലുവിളികളും.

ii) ലഹരി വസ്തുക്കളും യുവതലമുറയും.

**(b)** പൊതു ശുചിമുറികളുടെ അപര്യാപ്തത മൂലം യാത്രയ്ക്കിടയിൽ സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ച് ഒരു ഫീച്ചർ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. 1x5=5

**(c)** തുടർച്ചയായ മഴമൂലം സംസ്ഥാനം നേരിടുന്ന മഴക്കെടുതികളെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. 1x4=4

7. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം.)** 2x3=6

**(a)** 'കയ്യിൽ ഘടികാരം ഇല്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു'. സന്ദർഭവും ആശയവും വ്യക്തമാക്കുക.

**(b)** റേഡിയോ പണയം വച്ചതിനുശേഷം ഉള്ള ചാക്കുണ്ണിയുടെ അവസ്ഥ കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ ?

**(c)** ദുര്യോധനനിൽ കാണുന്ന ആദരണീയ ഗുണങ്ങളായി മാരാർ കാണുന്നത് എന്തെല്ലാം ?

8. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം.)** 2x3=6

**(a)** 'ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ' നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം ? വിശദമാക്കുക.

**(b)** 'ഇവരറിയുന്നീലെന്നഭിമാനം'.. കേരളത്തിന്റെ തനിമയാർന്ന സാംസ്കാരിക പൈതൃകത്തെ കുറിച്ചുള്ള കവിയുടെ അഭിമാന ബോധമാണോ ഈ വരികളിൽ തെളിയുന്നത് വിശദമാക്കുക.

**(c)** 'കാലാഹി' എന്ന പ്രയോഗത്തിന്റെ ഔചിത്യം എന്ത് ? വിശദമാക്കുക .

9. **തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം.)** 2x3=6

**(a)** അറിവില്ലാത്തവർക്ക് വെളിവുണ്ടാക്കാനുള്ള സ്വാമികളുടെ കഴിവ് പ്രസിദ്ധമാണ് ഇതിനിടയാക്കിയ സാഹചര്യം വിവരിക്കുക.

**(b)** ചട്ടമ്പിസ്വാമികളും സ്വാമി വിവേകാനന്ദനും തമ്മിൽ ഉണ്ടായ കൂടിക്കാഴ്ചയെ കുറിച്ച് വിവരിക്കുക.

**(c)** ചട്ടമ്പിസ്വാമികളുടെ ജീവിതശൈലിയെ പറ്റി വിശദീകരിക്കുക.

******